പ്രസിദ്ധീകരണാർത്ഥം.

കേരള സാഹിത്യ അക്കാദമി
തൃശൂർ 11-8-2009

# 2009ലെ
# കേരള സാഹിത്യ അക്കാദമി അവാർഡുകൾക്ക് കൃതികൾ ക്ഷണിക്കുന്നു.

2009ലെ കേരള സാഹിത്യ അക്കാദമി അവാർഡുകൾക്കുള്ള കൃതികൾ ക്ഷണിക്കുന്നു. 2006,2007,2008 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികളാണ് 2009 ലെ അക്കാദമി അവാർഡിനും എൻഡോവ്മെന്റ് അവാർഡിനും പരിഗണിക്കുന്നത്. നോവൽ, കവിത, നാടകം, ചെറുകഥാസമാഹാരം, സാഹിത്യവിമർശനം (വിമർശനം,പഠനം) വൈജ്ഞാനികസാഹിത്യം(ശാസ്ത്രം മാനവികം) ജീവചരിത്രം/ആത്മകഥ, ഹാസ്യസാഹിത്യം, യാത്രാവിവരണം,വിവർത്തനം, ബാലസാഹിത്യം എന്നീ വിഭാഗങ്ങൾക്കാണ് അക്കാദമി അവാർഡുകൾ നൽകുന്നത്. 20,000 (ഇരുപതിനായിരം)രൂപയും സാക്ഷ്യപത്രവും ഫലകവുമാണ് സമ്മാനം.

ഉപന്യാസ സമാഹാരം (സി.ബി.കുമാർ അവാർഡ് 1,500 രൂപയും സാക്ഷ്യപത്രവും), വ്യാകരണം/ഭാഷാശാസ്ത്രം (ഐ.സി.ചാക്കോ അവാർഡ് 2,000 രൂപയും സാക്ഷ്യപത്രവും), വൈദിക സാഹിത്യം (കെ.ആർ.നമ്പൂതിരി അവാർഡ് 2,000 രൂപയും സാക്ഷ്യപത്രവും), വൈജ്ഞാനിക സാഹിത്യം ( ജി. എൻ.പിള്ള സ്മാരക അവാർഡ് 3,000 രൂപയും സാക്ഷ്യപത്രവും) നാടകം (നാടകവേദി ബോംബെ അവാർഡ് 35 വയസ്സിന് താഴെ ഉള്ളവർക്ക് 2,500 രൂപയും സാക്ഷ്യപത്രവും), കവിത (കനകശ്രീ അവാർഡ് 35 വയസ്സിന് താഴെ ഉള്ളവർക്ക് 2,000 രൂപയും സാക്ഷ്യപത്രവും), ചെറുകഥാസമാഹാരം (ഗീതാഹിരണ്യൻ അവാർഡ് 35 വയസ്സിന് താഴെ ഉള്ളവർക്ക് 5,000 രൂപയും സാക്ഷ്യപത്രവും) എന്നീ വിഭാഗങ്ങളിൽ എൻഡോവ്മെന്റ് അവാർഡിനും കൃതികൾ സമർപ്പിക്കാവുന്നതാണ്.

ഇതിനുമുമ്പ് ഏതെങ്കിലും വിഭാഗത്തിൽ സമ്മാനം ലഭിച്ചവരുടെ കൃതികൾ അതാത് വിഭാഗങ്ങളിൽ പിന്നീട് പരിഗണിക്കുന്നതല്ല.

ഗ്രന്ഥകർത്താക്കൾക്കോ, അവരുടെ ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ, പ്രസാധകർക്കോ, സാഹിത്യസാംസ്കാരിക സംഘടനകൾക്കോ, അവാർഡ് പരിഗണനക്കുള്ള പുസ്തകങ്ങൾ അയച്ചുതരാവുന്നതാണെന്ന് കേരള സാഹിത്യ അക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി അറിയിക്കുന്നു. മേൽപ്പറഞ്ഞ 3 വർഷങ്ങളിലെ കൃതികളുടെ 3 പ്രതികൾ വീതം 2009 സെപ്തംബർ 30-ന് മുമ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, ടൗൺ ഹാൾ റോഡ്, തൃശൂർ-20 എന്ന വിലാസത്തിൽ അയച്ചുതരാവുന്നതാണ്.

പുരുഷൻ കടലുണ്ടി
സെക്രട്ടറി.